കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത്- ബി.പി.എൽ കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് എന്ന പദ്ധതി നടപ്പാക്കുന്നതിന് അനുമതി -നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 2448/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 18.09.2018.

പരാമർശം : 1) കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2018-ലെ A3-377/18/65-ാം നമ്പർ കത്ത്.

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13/08/2018 ലെ 4.16, 05.09.2018 ലെ തുടർ നടപടി 2.3(4.16) നമ്പർ യോഗതീരുമാനങ്ങൾ.

## ഉത്തരവ്

കുഴിപ്പിള്ളി ഗ്രാമപഞ്ചായത്തില് ബി.പി. എൽ വിഭാഗത്തില്പ്പെട്ട 43 ഗുണഭോക്താക്കള്ക്ക് 50 ശതമാനം സബ്സിഡി നിരക്കില് (ഒരാള്ക്ക് പരമാവധി 7,500/- രൂപ പ്രോ.നം.64/19 അടങ്കല് തുക 6,45,000/-) സെപ്റ്റിക് ടാങ്ക് നല്കാന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് തീരപ്രദേശമായതിനാൽ അനുമതി നല്കാമെന്ന് ശുചിത്വ മിഷൻ ശുപാർശ ചെയ്യുകയും ആയതിനാൽ പ്രത്യേക അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുമുണ്ടായി. മേൽ സാഹചര്യത്തിൽ കുഴിപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ബി.പി.എൽ കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് എന്ന പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത്,അയ്യമ്പിള്ളി പി.ഓ,എറണാകുളം - 682501

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ